# കേരള സർവകലാശാല

നം. പി.ആർ.027/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ടെക് ഫലം

കേരള സർവകലാശാല മൂന്നാം സെമസ്റ്റർ ബി.ടെക് പാർട്ട്-ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സപ്ലിമെന്ററി പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികൾ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി ഏഴ്, 50 രൂപ പിഴയോടെ ഫെബ്രുവരി എട്ട്, 125 രൂപ പിഴയോടെ ഫെബ്രുവരി ഒൻപത് വരെയും ഫീസച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ്: അഡ്മിഷൻ തുടരുന്നു

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം ഫെബ്രുവരി 10 ന് ആരംഭിയ്ക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് സീറ്റൊഴിവുണ്ട്. യോഗ്യത: പ്ലസ് ടു/പ്രീ-ഡിഗ്രി ജയിച്ചിരിക്കണം. ഫീസ്: 7500/- രൂപ. അപേക്ഷാഫീസ്: 100 രൂപ. കോഴ്സ് കാലാവധി: ആറു മാസം. ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ മാത്രം. സമയം: രാവിലെ 9.30 മുതൽ 4.30 വരെ. അപേക്ഷാഫോറത്തിനും വിശദവിവരങ്ങൾക്കും പി.എം.ജി ജംങ്ഷനിലെ CACEE കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471-2302523.

### ക്രിമിനോളജി ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ ക്രിമിനോളജി ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം. ഫീസ്: 9000/- (ഒൻപതിനായിരം രൂപ). അപേക്ഷ ഫീസ്: 100 രൂപ. കോഴ്സ് ദൈർഘ്യം: ആറ് മാസം. നിയമബിരുദധാരികൾക്ക് ഫീസ്: 8500/- രൂപ. അവസാന തീയതി: ഫെബ്രുവരി ഒൻപത്. ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ, വിവരങ്ങൾക്ക്: 0471-2302523.

### എം.ഫിൽ ഫലം

കേരള സർവകലാശാല 2017 ഒക്ടോബറിൽ നടത്തിയ (സി.എസ്.എസ് 2016 -2017) എം.ഫിൽ ഹ്യൂമൻ റൈറ്റ്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

### യൂണിയൻ & സ്റ്റേറ്റ് ബഡ്ജറ്റ്സ് – 2018: ചർച്ച

കേരള സർവകലാശാല ഇക്കണോമിക്സ് പഠനവകുപ്പും കേരള ഇക്കണോമിക് അസോസിയേഷനും സംയുക്തമായി കേരള സർവകലാശാല സെനറ്റ് ചേമ്പറിൽ ഫെബ്രുവരി മൂന്നിന് യൂണിയൻ & സ്റ്റേറ്റ് ബഡ്ജറ്റ്സ് - 2018 എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രഭാഷണം സംഘടിപ്പിക്കുന്നു

കേരള സർവകലാശാല ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസും കേരള ലൈബ്രറി അസോസിയേഷനും സംയുക്തമായി ഫെബ്രുവരി മൂന്നിന് പ്ലേജിയ റിസം എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സമ്പർക്ക ക്ലാസ്സുകൾ ആരംഭിക്കും

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന 2017-19 വർഷ ത്തിലേക്കുള്ള എം.എ/എം.എസ്സി/എം.കോം കോഴ്സുകളുടെ സമ്പർക്ക ക്ലാസ്സുകൾ ഫെബ്രുവരി 10 ന് ആരംഭിക്കും. ഇതുവരെ അറിയിപ്പുകളൊന്നും ലഭിക്കാത്ത വിദ്യാർത്ഥികൾ ഫെബ്രുവരി ആറിന് മുമ്പായി (പാളയം) എസ്.ഡി.ഇ യുടെ അക്കാദമിക് സെക്ഷനുമായി ബന്ധപ്പെടുക.

## അന്താരാഷ്ട്ര അറബിക് കോൺഫറൻസ്

കേരള സർവകലാശാല അറബിക് വിഭാഗം സംഘടിപ്പിക്കുന്ന ത്രിദിന അന്താ രാഷ്ട്ര അറബിക് കോൺഫറൻസ് ഫെബ്രുവരി അഞ്ച്, ആറ്, ഏഴ് തീയതിക ളിൽ പാളയം സെനറ്റ് ചേമ്പറിൽ നടക്കും. പത്തോളം രാഷ്ട്രങ്ങളിൽ നിന്നായി ഇരുപതിൽപ്പരം അറബിഭാഷാ പണ്ഡിതൻമാർ പങ്കെടുക്കുന്ന കോൺഫ റൻസ് അറബിഭാഷാ പഠനരീതി ശാസ്ത്രം എന്ന വിഷയത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. അറബി ഭാഷയിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥി കൾക്കും അറബി അദ്ധ്യാപകർക്കും ഗുണകരമാവുന്ന കോൺഫറൻസിൽ പ്രവേശനം സൗജന്യമാണ്. വിശദവിവരങ്ങൾക്ക്: 0471-2308846.

തിരുവനന്തപുരം.
01.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098